# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

**Reg. No.181/71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

| President | General Secretary |
|---|---|
| **Elamaram Kareem** | **S.Muraleekrishnapillai** |
| **Mob: 9400307786** | **Mob: 9446538432** |


Date: 21-1-2017

## സർക്കുലർ 2/2017

സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 20-01-2017 (വെള്ളിയാഴ്ച) രാവിലെ 10-ന് CITU സംസ്ഥാനകമ്മിറ്റി ഓഫീസിൽ ചേർന്നു. സംസ്ഥാന പ്രസിഡന്റ് സ: എളമരം കരീം അധ്യക്ഷത വഹിച്ചു. സ: എ.കെ. ബാലൻ, സ: ശശി. സി എന്നിവർക്ക് അവധി അനുവദിച്ചു. സ: എ. മുഹമ്മദ് ഇഖ്ബാൽ ആബ്സെന്റായിരുന്നു.

### അധ്യക്ഷപ്രസംഗം

രാജ്യത്തെ പാവങ്ങൾക്കും തൊഴിലാളികൾക്കും റേഷനരി പോലും നിഷേധിക്കുന്ന ഭരണനടപടികളാണ് കേന്ദ്ര സർക്കാർ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പേരിൽ സ്വീകരിക്കുന്നത്. പുത്തൻ സാമ്പത്തിക നയത്തിന്റെ പേരിൽ പാവങ്ങൾക്ക് സബ്സിഡി നിഷേധിക്കുകയും സമ്പന്നർക്ക് നികുതിയിളവ് നൽകുകയും ചെയ്യുന്ന ഇരട്ടനീതിയുടെ ഫലമാണിത്. തലതിരിഞ്ഞ നയത്തിനെതിരെ കേരളമൊട്ടാകെ നടക്കുന്ന പ്രക്ഷോഭങ്ങളിൽ K.S.F.E. ജീവനക്കാരും അണിചേരണം. സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളുടെ ഓഹരികൾ കേന്ദ്ര സർക്കാർ വിറ്റഴിക്കുകയാണ്. ഈ ആക്രമണത്തിന്റെ കുന്തമുന നമുക്ക് നേരെയും തിരിഞ്ഞുവരുമെന്ന തിരിച്ചറിവും ബോധവും നമുക്കുണ്ടാകണം. സംഘപരിവാർ ശക്തികൾ സങ്കുചിത ദേശീയവാദവും വർഗീയവാദവും ഉയർത്തുന്നത് വ്യക്തമായ രാഷ്ട്രീയ അജണ്ടയുടെ ഭാഗമായാണ്. ജനവിരുദ്ധ ഭരണനയങ്ങൾക്കെതിരെ ഉയരുന്ന തൊഴിലാളി പ്രക്ഷോഭങ്ങളെ ശിഥിലീകരിയ്ക്കാനാണ് പരിശ്രമം. അതുകൊണ്ട് തന്നെ വർഗീയതയ്ക്കെതിരായ നിരന്തരമായ ആശയ പ്രചരണം സംഘടനാ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റണം.

UDF സർക്കാർ അട്ടിമറിച്ച ശമ്പള പരിഷ്കരണം LDF സർക്കാർ നടപ്പാക്കിയത് സ്വാഗതാർഹമാണ്. UDF-ൽ നിന്നും തികച്ചും വ്യത്യസ്തമായ LDFനയത്തിന്റെ പ്രതിഫലനമാണിത്. എന്നാൽ ജീവനക്കാരുടേതല്ലാത്ത കാരണങ്ങളാൽ, ശമ്പളകുടിശിക തടഞ്ഞുവയ്ക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. 11-01-2017-ന് ചേർന്ന ഭാരവാഹിയോഗം ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചു. അടിയന്തിരമായി ശമ്പള കുടിശിക വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകി. 50% കുടിശിക വിതരണം ചെയ്യാൻ തീരുമാനിച്ചത് ആശ്വാസകരമാണ്. എന്നാൽ ഈ വിഷയത്തിൽ സംഘടന എടുത്ത ശക്തമായ നിലപാടുമായി മുന്നോട്ട് പോകണം. ശമ്പള കുടിശിക പൂർണമായും എത്രയും വേഗം വിതരണം ചെയ്യണമെന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്നും സഖാവ് നിർദേശിച്ചു.

### തീരുമാനങ്ങൾ

#### I. സംസ്ഥാന സമ്മേളന റിവ്യൂ റിപ്പോർട്ട് അംഗീകരിച്ചു

സംസ്ഥാന കമ്മിറ്റി അംഗീകരിച്ച സംസ്ഥാന സമ്മേളന റിവ്യൂ റിപ്പോർട്ട് ജില്ലാ കമ്മിറ്റികളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. സംസ്ഥാന ഭാരവാഹികൾ പങ്കെടുത്ത് കൂടുന്ന ജില്ലാ കമ്മിറ്റികളിൽ ജില്ലാ സമ്മേളന റിവ്യൂ റിപ്പോർട്ടും അവതരിപ്പിച്ച് ചർച്ച ചെയ്യണമെന്നും തീരുമാനിച്ചു.

## II. സംഘടന

(1) എല്ലാ വർഷവും വാർഷിക സമ്മേളനം ചേരണമെന്ന് തീരുമാനിച്ചു.

(2) വാർഷിക സമ്മേളനത്തിൽ പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കും അവതരിപ്പിച്ച് അംഗീകാരം നേടണം. ഭാരവാഹികളെയും തെരഞ്ഞെടുക്കണം. വിപുലമായ സമ്മേളനം മൂന്ന് വർഷത്തിലൊരിക്കൽ മതിയെന്ന് തീരുമാനിച്ചു.

(3) അടുത്ത വാർഷിക സമ്മേളനത്തോടെ സംസ്ഥാന ജനറൽ കൗൺസിലിന് രൂപം നൽകണം.

(4) അടുത്ത വാർഷിക സമ്മേളനത്തോടെ സംസ്ഥാന കമ്മിറ്റിയംഗങ്ങളുടെയും ഭാരവാഹികളുടെയും എണ്ണം ഗണ്യമായി വർധിപ്പിക്കണമെന്ന് തീരുമാനിച്ചു.

(5) അടുത്ത സമ്മേളനത്തോടെ സംഘടനാ കമ്മിറ്റികളിൽ വനിതകളുടെ അംഗത്വത്തിനാനുപാതികമായി പ്രാതിനിധ്യം നൽകണം.

(6) ഭരണസിരാകേന്ദ്രമായ തൃശൂരിൽ സംഘടനയ്ക്ക് ഭാരവാഹി ഉണ്ടാകണമെന്ന് തീരുമാനിച്ചു. സ: ബി.എസ്. വിജയകുമാറിനെ സംസ്ഥാന ഭാരവാഹിയോഗത്തിൽ സ്ഥിരം ക്ഷണിതാവായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(7) സംഘടനയുടെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശൂർ ശാഖയിലെ സേവിംഗ്സ് അക്കൗണ്ട് പുതിയ ജനറൽ സെക്രട്ടറിയുടെയും ട്രഷററുടെയും പേരിൽ പുതുക്കാൻ തീരുമാനിച്ചു.

(8) സംഘടനയുടെ തൃശൂരിലുള്ള ആസ്ഥാന മന്ദിരം പുതുക്കി പണിയാൻ തീരുമാനിച്ചു.

(9) സംസ്ഥാന ഭാരവാഹികളുടെ ചാർജ് വിഭജനം.

സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങൾക്ക് ചുവടെ കൊടുക്കുന്ന ക്രമത്തിൽ ജില്ലകളുടെ ചാർജ് വിഭജിച്ച് നൽകാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 1. സ: എസ്. മുരളീകൃഷ്ണപിള്ള | - | കൊല്ലം |
| 2. സ: ടി.സി. രാധാകൃഷ്ണൻ | - | കണ്ണൂർ-കാസർകോട്, വയനാട്. |
| 3. സ: പി.ദേവദാസ് | - | പാലക്കാട്, കോഴിക്കോട് |
| 4. സ: ടി.എം. ശ്രീനിമോൾ | - | ആലപ്പുഴ |
| 5. സ: ഷുബി അലി.എം | - | തിരുവനന്തപുരം, എറണാകുളം, മലപ്പുറം. |
| 6. സ: സജു.എസ് | - | കോട്ടയം, ഇടുക്കി, പത്തനംതിട്ട. |
| 7. സ: വിജയകുമാർ.ബി.എസ്. | - | തൃശൂർ |

10. ഓഡിറ്റ് കമ്മിറ്റി

സ: മുഹമ്മദ് ഹുസൈൻ, സ: പ്രദീപ്.വി.എൽ എന്നിവർ അംഗങ്ങളായി ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചു.

11. സംസ്ഥാന സമ്മേളന ചർച്ചയുടെയും സംസ്ഥാന സമ്മേളന റിവ്യൂ റിപ്പോർട്ടിന്മേൽ സംസ്ഥാന കമ്മിറ്റിയിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഇടപെടുന്നതിന് യോഗം ഭാരവാഹികളെ ചുമതലപ്പെടുത്തി.

12. 2016-ലെ ട്രേഡ് യൂണിയൻ അഫിലിയേഷനുള്ള റിട്ടേൺസ് നൽകുന്നതിനുമുമ്പായി അംഗങ്ങളുടെ പ്രൊഫൈൽ തയ്യാറാക്കാൻ തീരുമാനിച്ചു. ഇതിനുള്ള ഫോറങ്ങൾ ജില്ലാ സെക്രട്ടറിമാർക്ക് അയച്ചു നൽകുന്നതാണ്. അംഗങ്ങൾ ഒപ്പിട്ട പൂരിപ്പിച്ച ഫോമുകൾ 2017 ഫെബ്രുവരി 15-ന് മുമ്പായി ജനറൽ സെക്രട്ടറിയ്ക്ക് അയച്ചുനൽകേണ്ടതാണ്.

13. ജില്ലാ കമ്മിറ്റിയോഗങ്ങളുടെ തീയതികൾ നിശ്ചയിച്ചു.

| *ജില്ല* | *തീയതി* | *പങ്കെടുക്കുന്ന സെക്രട്ടറിയേറ്റംഗങ്ങൾ* |
|---|---|---|
| 1. തിരുവനന്തപുരം | 29-01-2017 | ഷുബി.അലി.എം |
| 2. കൊല്ലം | 29-01-2017 | എസ്.മുരളീകൃഷ്ണപിള്ള |
| 3. പത്തനംതിട്ട | 05-02-2017 | സജു.എസ്. |
| 4. ആലപ്പുഴ | 05-02-2017 | ശ്രീനിമോൾ.റ്റി.എം. |
| 5. കോട്ടയം | 29-01-2017 | സജു.എസ്. |
| 6. ഇടുക്കി | 26-01-2017 | സജു.എസ്. |
| 7. എറണാകുളം | 26-01-2017 | ഷുബി അലി.എം<br>വിജയകുമാർ.ബി.എസ്. |
| 8. തൃശൂർ | 05-02-2017 | മുരളീകൃഷ്ണപിള്ള.എസ്.<br>വിജയകുമാർ.ബി.എസ്. |
| 9. പാലക്കാട് | 26-01-2017 | ദേവദാസ്.പി |
| 10. മലപ്പുറം | 05-02-2017 | ഷുബി അലി.എം |
| 11. കോഴിക്കോട് | 05-02-2017 | ദേവദാസ്.പി. |
| 12. കണ്ണൂർ-കാസർകോട് | 29-01-2017 | ടി.സി. രാധാകൃഷ്ണൻ |
| 13. വയനാട് | 05-02-2017 | ടി.സി. രാധാകൃഷ്ണൻ |

## III. സംഘവേദി

സംഘവേദി മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. മാർച്ച് മാസത്തിൽ സംഘവേദി കാമ്പയിൻ നടത്താനും വാർഷിക വരിസംഖ്യയായി 50/- രൂപ സംഘവേദി സുഹൃത്തുക്കളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും ശേഖരിക്കാനും തീരുമാനിച്ചു. സംഘവേദിയുടെ അടുത്തപതിപ്പ് ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. സംഘവേദിയുടെ എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചു. എസ്.മുരളീകൃഷ്ണപിള്ളയാണ് എഡിറ്റർ. സ: റ്റി.സി. രാധാകൃഷ്ണൻ, സ: ശ്രീനിമോൾ.റ്റി.എം., സ:ഷുബി അലി.എം എന്നിവരാണ് ബോർഡ് അംഗങ്ങൾ.

## IV. സംസ്ഥാന നേതൃപഠന ക്യാമ്പ്

ഏപ്രിൽ 23, 24 തീയതികളിൽ തിരുവനന്തപുരം ഇ.എം.എസ്. അക്കാഡമിയിൽ വച്ച് സംസ്ഥാന നേതൃപഠന ക്യാമ്പ് നടത്താൻ തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളും ജില്ലാ ഭാരവാഹികളുമാണ് പഠന ക്യാമ്പിൽ പങ്കെടുക്കേണ്ടത്.

## V. സംസ്ഥാന വനിതാ പ്രവർത്തക കൺവെൻഷൻ

സംസ്ഥാന വനിതാ പ്രവർത്തക കൺവെൻഷൻ ഫെബ്രുവരി അവസാനവാരം തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

## VI. പേ-റിവിഷൻ കുടിശിക

പേ-റിവിഷൻ കുടിശിക 50% വിതരണം ജനുവരിയിൽ വിതരണം ചെയ്യുകയാണ്. സംഘടനയുടെ പ്രവർത്തന ഫണ്ടിലേക്ക് കുടിശിക തുകയുടെ 1% അംഗങ്ങളിൽ നിന്ന് ശേഖരിയ്ക്കാൻ തീരുമാനിച്ചു.

## VII. ക്ഷാമബത്ത 3% വിതരണം ചെയ്യാൻ തീരുമാനിച്ച കേരളാ സർക്കാരിന് അഭിവാദ്യം

കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനം കേരളാ സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാരിന്റെ റവന്യൂ വരുമാനം കുത്തനെ ഇടിഞ്ഞിട്ടും ജീവനക്കാരുടെ ആനുകൂല്യങ്ങൾ സമയ ബന്ധിതമായി നൽകാനുള്ള കേരളാ സർക്കാരിന്റെ തൊഴിലാളി പക്ഷനിലപാടിനെ സംസ്ഥാന കമ്മിറ്റി അഭിനന്ദിക്കുന്നു.

ശമ്പള കരാർ വ്യവസ്ഥയനുസരിച്ച് K.S.F.E. ജീവനക്കാർക്ക് 4% ക്ഷാമബത്ത ലഭിക്കും. ജനുവരി മാസത്തെ ശമ്പളത്തോടൊപ്പം ജൂലൈ 2016 മുതലുള്ള കുടിശിക സഹിതം K.S.F.E. ജീവനക്കാർക്ക് ക്ഷാമബത്ത ലഭിക്കും.

**VIII.** സ്ഥാപനത്തിലെ ഏജന്റ് വിഭാഗം ജീവനക്കാരുടെയും അപ്രൈസർ വിഭാഗം ജീവനക്കാരുടെയും സംഘടനകൾ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മാനേജ്മെന്റിന് നിവേദനം നൽകുകയും സമരമാർഗങ്ങൾ സ്വീകരിച്ചിട്ടും തീർത്തും അവഗണിക്കുന്ന സമീപനമാണ് മാനേജ്മെന്റ് പുലർത്തുന്നത്. ഈ സമീപനം തിരുത്തണമെന്നും ഏജന്റ്/അപ്രൈസർ വിഭാഗം ജീവനക്കാർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് രമ്യമായി പരിഹരിയ്ക്കാൻ തയ്യാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് മാനേജ്മെന്റിന് കത്ത് നൽകാൻ തീരുമാനിച്ചു.

## IX. CITU സന്ദേശം

നമ്മുടെ എല്ലാ അംഗങ്ങളും സി.ഐ.റ്റി.യു. സന്ദേശത്തിന്റെ വാർഷിക വരിക്കാരാകണമെന്ന് തീരുമാനിച്ചു. മാർച്ച് മാസത്തിൽ വാർഷിക വരിസംഖ്യയായ 150/- രൂപ അംഗങ്ങളിൽ നിന്ന് ശേഖരിക്കാൻ തീരുമാനിച്ചു.

സഖാക്കളെ,

UDF ഭരണ കാലത്തെ കെടുകാര്യസ്ഥതയും അഴിമതിയും നമ്മുടെ സ്ഥാപനത്തിനെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. പെരുകുന്ന കുടിശികയിൽ നിന്നും മോചിപ്പിച്ച് സ്ഥാപനത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള 'ഇളവ് 2017' പദ്ധതി നമുക്ക് വിജയിപ്പിക്കാൻ കഴിയണം. പൊള്ളച്ചിട്ടികൾ നിയന്ത്രിച്ച്, ചെറിയ ചിട്ടികൾക്ക് പ്രോത്സാഹനം നൽകി, സ്ഥാപനത്തിന്റെ ജനകീയ അടിത്തറ ഭദ്രമാക്കണം.

വിദേശമലയാളികളെ ചിട്ടിയിലേയ്ക്കാകർഷിക്കാനുള്ള പദ്ധതി സർക്കാർ തലത്തിൽ തയ്യാറെടുക്കുകയാണ്. സ്ഥാപനത്തിന്റെ കമ്പ്യൂട്ടർവത്കരണമടക്കമുള്ള നടപടികൾക്ക് വേഗത വർധിയ്ക്കണം. പ്രഫഷണലുകളെയും പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ട്, കാര്യക്ഷമമായ ഡയറക്ടർ ബോർഡിനാണ് സർക്കാർ രൂപം നൽകിയിരിക്കുന്നത്. സ്ഥാപനത്തെ ശക്തിപ്പെടുത്താനുള്ള സർക്കാരിന്റെയും മാനേജ്മെന്റിന്റെയും പരിശ്രമത്തെ നമുക്ക് പിന്തുണയ്ക്കാം.

അഭിവാദനങ്ങളോടെ,

കൊല്ലം
21-02-2017

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി